**അവലോകനം**

മി. സ്പീക്കർ: 14-ാം കേരള നിയമസഭയുടെ 13 ദിവസം നീണ്ടുനിന്ന 13-ാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 2018 നവംബർ 27-ന് ആരംഭിച്ച ഈ സമ്മേളനം പൂർണ്ണമായി നിയമനിർമ്മാണം ഉദ്ദേശിച്ചുകൊണ്ടായിരുന്നു.

സഭ സമ്മേളിച്ച 13 ദിവസങ്ങളിൽ 9 ദിവസവും നിയമനിർമ്മാണത്തിനായാണ് വിനിയോഗിച്ചത്. ഈ സഭയിലെ അംഗമായിരുന്ന ശ്രീ. പി. ബി. അബ്ദുൽ റസാക്കിന് ചരമം സംബന്ധിച്ച റഫറൻസ് നടത്തി ആദ്യ ദിവസം സഭ പിരിയുകയും ഒരു ദിവസം ഉപധനാഭ്യർത്ഥനയുടെ ചർച്ചയ്ക്കായും രണ്ട് ദിവസം അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവയ്ക്കുകയുമുണ്ടായി.

നിയമനിർമ്മാണത്തിനായി മാറ്റി വയ്ക്കപ്പെട്ട ദിനങ്ങൾ നിലവിലുണ്ടായിരുന്ന 13 ഓർഡിനൻസുകളിൽ 9 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ സഭ പാസ്സാക്കുകയും 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ എന്നിവ സെലക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു. ചട്ടം 50 പ്രകാരമുള്ള 11 നോട്ടീസുകളാണ് സമ്മേളനകാലയളവിൽ ലഭിച്ചത്. അതിൽ

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ നൽകിയ അടിയന്തരപ്രമേയ നോട്ടീസ് ഡിസംബർ 5-ാം തീയതി സഭ പരിഗണിക്കുകയും അതിന്മേൽ വിശദമായ ചർച്ചനടത്തുകയും ചെയ്തു. ഈ സമ്മേളനവുമായി ബന്ധപ്പെട്ട 360 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും നക്ഷത്രചിഹ്നമിടാത്ത 4370 ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 4730 ചോദ്യങ്ങൾ അച്ചടിച്ചു. ശ്രീ. കെ. കൃഷ്ണൻകുട്ടി മന്ത്രിയായതിനെത്തുടർന്ന് അദ്ദേഹത്തിന് 24 ചോദ്യങ്ങൾ ഒഴിവാക്കുകയും ഡോ. എൻ. ജയരാജ് ഒരു ചോദ്യം പിൻവലിക്കുകയും ചെയ്തു. ക്ലബിംഗ് ഉൾപ്പടെ 30 ചോദ്യങ്ങൾക്ക് സഭാതലത്തിൽ മന്ത്രിമാർ വാക്കാൽ മറുപടി നൽകി. 137 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. ആകെ 13 ദിവസം നീണ്ടു നിന്ന സമ്മേളനത്തിൽ 12 ദിവസമാണ് ചോദ്യോത്തരങ്ങൾ ഉണ്ടായിരുന്നത്. അവയിൽ ചോദ്യോത്തരവേള പൂർണ്ണമായും 4 ദിവസം മാത്രമായിരുന്നു ഉണ്ടായിരുന്നത്. അവശേഷിച്ച 9 ദിവസവും പ്രതിപക്ഷ ബഹളത്തെ തുടർന്ന് ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയുണ്ടായി. ഗൗരവപൂർവ്വമായ വിവിധ വിഷയങ്ങളിന്മേൽ ബഹുമാനപ്പെട്ട സാമാജികന്മാർ ഉന്നയിക്കുന്നസാർത്ഥമാക്കാൻ ചോദ്യങ്ങൾക്ക് സഭാതലത്തിൽ വച്ചുതന്നെ

മന്ത്രിമാരിൽ നിന്ന് മറുപടി ലഭിക്കുന്ന അവസരമാണ് ചോദ്യോത്തരവേള. സഭയുടെ ഒരു ദിവസത്തെ കാര്യപരിപാടിയുടെ ആദ്യത്തെ ഇനമായ ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് അങ്ങേയറ്റം ഖേദകരമാണെന്ന് ചെയർ ഈ അവസരത്തിൽ ഓർമ്മിപ്പിക്കട്ടെ; 24 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസ്സുകളിലൂടെയും 101 സബ്മിഷനിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് രണ്ട് പ്രസ്താവനകളും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഒരു പ്രസ്താവനയും സഭയിൽ നടത്തുകയുണ്ടായി. സ്വന്തം കിടപ്പാടം ഈട് നൽകി വിവിധ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത നിരവധി ആളുകൾ 'സർഫാസി ആക്ട്' പ്രകാരമുള്ള ജപ്തി നടപടികൾ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു നിയമസഭാ സമിതി രൂപീകരിക്കുന്നതിന് ഈ സമ്മേളനത്തിൽ നമുക്ക് കഴിഞ്ഞു. നിയമസഭയുടെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി'യുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര തലത്തിൽ ഒരു സ്റ്റുഡന്റ്സ് പാർലമെന്റ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്, ഫെബ്രുവരി മാസത്തിലാണ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത

പരിപാടി വിജയിപ്പിക്കുന്നതിനാവശ്യമായ സഹകരണം ബന്ധപ്പെട്ട എല്ലാവരുടെയും ഭാഗത്തുനിന്നുണ്ടാകണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. പ്രത്യേക സമ്മേളനങ്ങൾ ചേർന്നുകൊണ്ട് നിയമനിർമ്മാണപ്രക്രിയ കൂടുതൽ സജീവമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ചേർന്ന ഈ സമ്മേളനം നിർഭാഗ്യകരമായ കാരണങ്ങളാൽ വേണ്ടത്ര സാർത്ഥമാക്കാൻ കഴിഞ്ഞില്ലെങ്കിൽ കൂടി സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, വിവിധ കക്ഷി നേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ചുപ്രവർത്തിച്ച നിയമസഭ സെക്രട്ടേറിയറ്റിലേയും വിവിധ വകുപ്പുകളിലെ എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര, ദൃശ്യ-മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുകയും എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ് നവവത്സരാശംസകൾ നേരുന്നു.

ഓർഡർ.... ഓർഡർ....സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ രാവിലെ 11.49-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

******